**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **09-02-2023 - ൽ മറുപടിയ്ക്ക്**

**വളർത്ത് നായ്ക്കൾക്ക് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പേവിഷബാധയ്ക്കെതിരെ പ്രതിരോധം ശക്തമാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പേവിഷബാധ ഉന്മൂലനം ചെയ്യുന്നതിന്റെ ഭാഗമായി തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും വന്ധ്യംകരിക്കുന്നതിനുമായി സംസ്ഥാന സർക്കാർ അവലംബിച്ചുപോരുന്ന പദ്ധതിയാണ് എ.ബി.സി (ആനിമൽ ബർത്ത് കൺട്രോൾ) പദ്ധതി. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും വന്ധ്യംകരിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് പ്രസ്തുത പദ്ധതി. ഈ പദ്ധതി നടപ്പിലാക്കിയ പ്രധാന നഗരങ്ങളിലൊക്കെയും വിജയകരമായതിനാൽ ഭാരത സർക്കാർ ഇന്ത്യയിലെ എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിലും മൃഗസംരക്ഷണ സംഘടനകളോടൊപ്പം ചേർന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയും ചേർക്കുന്നു. |
| (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ് വളർത്ത് നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ബി) | വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.<br><br>1994 ലെ കേരള മുനിസിപ്പലിറ്റി ആക്റ്റ് സെക്ഷൻ 437 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും ലഭിച്ച ലൈസൻസ് കൂടാതെയും പേവിഷത്തിനെതിരെ തന്റെ പട്ടിയെ വാക്സിനേറ്റ് ചെയ്യിപ്പിക്കാതെയും നായ്ക്കളെ വളർത്താൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കിക്കൊണ്ട് 08.08.2021 ലെ RC3/241/2021/LSGD പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയതു പ്രകാരം നടപടി സ്വീകരിച്ചു വരുന്നതുമാണ്.<br><br>ഇക്കാലയളവിൽ നഗരസഭ തലത്തിൽ രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം 30,553 ഉം ഗ്രാമപഞ്ചായത്ത് തലത്തിൽ ആയത് 81,373 ഉം ആണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം. 1

**സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ**

| | | |
|---|---|---|
| 1 | ആകെ നഗരസഭകൾ | 93 |
| 2 | 01/09/2022 മുതൽ 31/12/2022 വരെ വന്ധ്യകരണം നടത്തിയ നായ്ക്കൾ | 4,519 |
| 3 | 01/09/2022 മുതൽ 31/12/2022 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവുനായ്ക്കൾ | 15,922 |
| 4 | 01/09/2022 മുതൽ 31/12/2022 വരെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കൾ | 51,487 |
| 5 | 01/09/2022 മുതൽ 31/12/2022 വരെ രജിസ്ട്രേഷൻ / ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തു നായ്ക്കൾ | 30,553 |
| 6 | 01/09/2022 മുതൽ 31/12/2022 വരെ കണ്ടെത്തിയ അഭയകേന്ദ്രങ്ങൾ | 3<br><br>( ആലപ്പുഴ, പാല, മഞ്ചേരി നഗരസഭകൾ) |
| 7 | ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01/09/2022 മുതൽ 31/12/2022 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകൾ | 976 |
| 8 | 01/09/2022 മുതൽ 31/12/2022 വരെ പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴ തുക | 41,54,846/- |
| 9 | 01/09/2022 മുതൽ 31/12/2022 വരെ സംഘടിപ്പിച്ച ഐ. ഇ. സി ക്യാമ്പയിനുകൾ | 1,003 |
| 10 | 01/09/2022 മുതൽ 31/12/2022 വരെ സ്കൂളുകളും വിദ്യാഭ്യാസസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ. ഇ. സി / ബോധവത്കരണ ക്യാമ്പുകൾ | 663 |
| 11 | 2016 മുതൽ 31/08/2022 വരെ വന്ധ്യകരണം നടത്തിയ നായ്ക്കൾ | 79,859 |

അനുബന്ധം. 2

**സർക്കാരിന്റെ തെരുവുനായ ശല്യനിയന്ത്രണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈകൊണ്ടിട്ടുളള പ്രതിരോധ നടപടികൾ സംബന്ധിച്ച വിവരങ്ങൾ**

- സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിലായി 52,144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതു വഴി 2,47,267 നായകൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.
- PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്ത് തലത്തിൽ 81,373 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.
- ആരോഗ്യം, മൃഗ സംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിയപ്പെട്ടിട്ടുണ്ട്.
- സർക്കാരിന്റെ 15/09/2022 തീയതിയിലെ സ.ഉ.(സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സ്ഥാപനതല ജനകീയകമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.
- തെരുവു നായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്.
- തെരുവുനായ ശല്യനിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ. ഇ. സി ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.
- ശുചിത്വയജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതു നിരത്തിലെ മാലിന്യ നിക്ഷേപത്തിന് 1,14,151 /- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.